പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *392

18-12-2014- ൽ മറുപടി പറയേണ്ടത്

# ഉന്നത വിദ്യാഭ്യാസ രംഗത്ത് നിലവാര മികവ്

ചോദ്യം

ശ്രീ .എൻ .എ .നെല്ലിക്കുന്ന് :
" പി.കെ. ബഷീർ :
" വി.എം.ഉമ്മർ മാസ്റ്റർ :
" എൻ.ഷംസുദ്ദീൻ :

ഉത്തരം

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | |
|---|---|
| എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ രംഗത്ത് നിലവാര മികവ് നേടിയെടുക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും, അദ്ധ്യാപകരുടെയും ഗുണനിലവാരം വിലയിരുത്തുന്നതിനായി പ്രൊഫ. ജ്ഞാനം കമ്മറ്റിയുടെ റിപ്പോർട്ട് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ശുപാർശയോടെ ലഭ്യമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കേരളാ സ്റ്റേറ്റ് അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൌൺസിൽ രൂപീകരണവുമായി ബന്ധപ്പെട്ട തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. സംസ്ഥാനത്തെ ബിരുദതല വിദ്യാഭ്യാസം പുനഃസംഘടിപ്പിച്ച് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സംവിധാനവും ഗ്രെയ്ഡിംഗും നടപ്പിലാക്കി. ഇതിനെ തുടർന്ന് പ്രസ്തുത സമ്പ്രദായത്തിലെ അപാകതകൾ പരിഹരിക്കുന്നതിനായി രൂപീകരിച്ച പ്രൊഫ.ബി.ഹൃദയകുമാരി അദ്ധ്യക്ഷയായ സമിതിയുടെ ശുപാർശകൾ സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ നടപ്പിലാക്കി വരുന്നു. ദേശീയ അന്തർദേശീയതലത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങൾ ഉൾക്കൊണ്ട് സംസ്ഥാന വിദ്യാഭ്യാസ നയത്തിൽ മാറ്റങ്ങൾ വരുത്തുന്നതിനായി പോണ്ടിചേരി സർവ്വകലാശാല വൈസ് ചാൻസിലർ. പ്രൊഫ.ജെ.എ.കെ.തരീൻ അദ്ധ്യക്ഷനായ സമിതിയുടെ റിപ്പോർട്ട്, സർവ്വകലാശാല നിയമങ്ങൾ സമഗ്രമായി പരിഷ്ക്കരിക്കുന്നത് സംബന്ധിച്ച് പ്രൊഫ. ചന്ദ്രശേഖരപിള്ള സമതിയുടെ റിപ്പോർട്ട്, വിദ്യാഭ്യാസ വ്യവസായ രംഗങ്ങൾ തമ്മിലുള്ള പരസ്പരബന്ധവും, സഹകരണവും വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതിനായ് ഏഷ്യൻ |

| | |
|---|---|
| | സ്കൂൾ ഓഫ് ബിസിനസ്സ് ഡയറക്ടർ ശ്രീ. രാജീവ് ശ്രീനിവാസൻ അദ്ധ്യക്ഷനായ സമിതി റിപ്പോർട്ട്, സംസ്ഥാനത്ത് ഇന്റർനാഷണൽ അറബിക് യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനായി ഡോ.പി.അൻവർ ചെയർമാനായ കമ്മിറ്റിയുടെ ഇടക്കാല റിപ്പോർട്ട്, ഉന്നത വിദ്യാഭ്യാസ മേഖലയിലെ അദ്ധ്യാപകേതര ജീവനക്കാരുടെ സർവ്വീസ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കോഴിക്കോട് സർവ്വകലാശാല പ്രോ. വൈസ്ചാൻസിലർ പ്രൊഫസർ.രവീന്ദ്രനാഥ് അദ്ധ്യക്ഷനായ സമിതിയുടെ റിപ്പോർട്ട് എന്നിവ ലഭ്യമാകുകയും പ്രസ്തുത റിപ്പോർട്ടുകൾ സജീവമായി പരിശോധിച്ച് വരികയുമാണ്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവടങ്ങളിൽ ക്ലസ്റ്റർ കോളജുകൾ ആരംഭിച്ചിട്ടുണ്ട് . നോബൽ സമ്മാന ജേതാക്കളടക്കം പ്രമുഖ പണ്ഡിതരെയുൾപ്പെടുത്തി സംസ്ഥാനത്തെ സർവ്വകലാശാലകളിൽ എറുഡേറ്റ് പ്രോഗ്രാം നടപ്പിലാക്കി വരുന്നു. കൂടാതെ ഉന്നത വിദ്യാഭ്യാസ രംഗത്ത് സാമൂഹ്യനീതി നടപ്പാക്കുന്നതിനായി ഓരോ വർഷവും ആയിരം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി സ്കോളർഷിപ്പ് ഫണ്ടിന് രൂപം നൽകിയിട്ടുണ്ട്. എല്ലാ ജില്ലകളിലും സ്റ്റുഡൻസ് സെമിനാറുകൾ സംഘടിപ്പിക്കുകയും, കോളജുകൾക്കും, യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റുകൾക്കും സെമിനാറുകൾ സംഘടിപ്പിക്കുന്നതിനുള്ള ധനസഹായം ഉന്നത വിദ്യാഭ്യാസ കൌൺസിൽ മുഖേന നൽകി വരുന്നു. കേരളത്തിലെ 13 കോളജുകൾക്ക് സ്വയംഭരണ പദവി നൽകാൻ ശുപാർശ ചെയ്തതിൽ 10 കോളജുകൾക്ക് സ്വയംഭരണ പദവി നൽകി യു.ജി.സി. ഉത്തരവായിട്ടുണ്ട്. രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് കേരളാ സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ ഡവലപ്പ്മെന്റ് പ്ലാൻ കേന്ദ്ര റൂസ മിഷൻ അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട് . കൌൺസിലിന്റെ ആഭിമുഖ്യത്തിൽ 'Higher Education for the Future' എന്ന ജേർണൽ പ്രസിദ്ധീകരിച്ച് വരുന്നു. ആട്ടോമേഷൻ ടെക്നോളജിയിൽ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളജിനെ മികവിന്റെ കേന്ദ്രമാക്കുക, തിരുവനന്തപുരം ബാർട്ടൺ ഹിൽ ഗവ.എഞ്ചിനീയറിംഗ് കോളജിൽ ട്രാൻസിലേഷണൽ എഞ്ചിനീയറിംഗിൽ |

| | |
|---|---|
| | ബിരുദാന്തര ബിരുദ കോഴ്സ് , ബാർട്ടൺഹിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ആട്ടോമോട്ടീവ് മെക്കാട്രോണിക്സിൽ പോസ്റ്റ് ഗ്രാജ്യൂവേറ്റ് ഡിപ്ലോമ കോഴ്സ്. തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ സയൻസ് ആന്റ് ടെക്നോളജി റിസർച്ച് പാർക്ക്/ട്രാൻസ്പോർട്ടേഷൻ എഞ്ചിനീയറിംഗ് റിസർച്ച് സെന്റർ, എഞ്ചിനീയറിംഗ് കോളജുകളിലെ ഫാക്കൽറ്റികൾക്കായി ക്വാളിറ്റി ഇംപ്രൂവ്മെന്റ് സെന്ററുകൾ, വിദ്യാഭ്യാസ വിഭവ കേന്ദ്രങ്ങൾ എന്നീ പദ്ധതികൾ സാങ്കേതിക വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്നു. സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് 19 എഞ്ചിനിയറിംഗ് കോളേജുകളിൽ ലോകബാങ്കിന്റെ സഹായത്തോടെ ടെക്നിക്കൽ എഡ്യൂക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം (TEQIP) നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ പുരോഗതിക്കായി ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിച്ചിട്ടുണ്ട്. കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരം ക്യാമ്പസ്സിലാണ് ടി യൂണിവേഴ്സിറ്റി പ്രവർത്തിക്കുന്നത്. കേരളത്തിലെ സർവ്വകലാശാലകളിലും, കോളേജ് വിദ്യാഭ്യാസ വകുപ്പ്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് എന്നിവിടങ്ങളിൽ സമ്പൂർണ്ണ ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കിവരുന്നു. L.B.S സെന്ററിന്റെ ആഭിമുഖ്യത്തിൽ മലപ്പുറം ജില്ലയിൽ IIST (Integrated Institute of Science and Technology) സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു. കോളേജ് അദ്ധ്യാപകരുടെ പരിശീലനത്തിനായി ഒരു ഫാക്കൽറ്റി ട്രെയ്നിംഗ് അക്കാദമി സ്ഥാപിക്കാൻ സർക്കാർ ഉദേശിക്കുന്നുണ്ട്. കൂടാതെ ദുബായ് അക്കാദമിക് സിറ്റി മാതൃകയിൽ സംസ്ഥാനത്ത് ഒരു അക്കാദമിക് സിറ്റി സ്ഥാപിക്കുന്നതു സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, കോഴിക്കോട് സർവ്വകലാശാല വൈസ് ചാൻസ് ലർ, പ്ലാനിംഗ് ബോർഡ് അംഗം ശ്രീ.ജി.വിജയരാഘവൻ എന്നിവരടങ്ങിയ സമിതി സമർപ്പിച്ച റിപ്പോർട്ട് മന്ത്രിസഭ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഒരു ഉന്നത വിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുക |

| | |
|---|---|
| | എന്ന ലക്ഷ്യത്തോടെ ഒരു ആഗോള വിദ്യാഭ്യാസ സംഗമം നടത്താൻ ഉദ്ദേശിക്കുന്നു. ഇതിനുവേണ്ടി സ്പെഷ്യൽ ഓഫീസറായി എൽ.ബി.എസ് ഡയറക്ടർ ശ്രീ. സയ്യീദ് റഷീദിനെ നിയമിച്ചിട്ടുണ്ട്. അദ്ധ്യയന കാലത്തുതന്നെ കുട്ടികളിൽ തൊഴിൽ നൈപുണ്യം വളർത്തുന്നതിന് അധിക തൊഴിൽ നൈപുണ്യ പദ്ധതി (ASAP), വിദ്യാർഥികളിൽ തൊഴിൽ സംരംഭകത്വം വളർത്തിയെടുക്കു- ന്നതിനുള്ള വിദ്യാർത്ഥി സംരംഭകത്വ പദ്ധതി , വിദ്യാർത്ഥികൾക്ക് അവരുടെ ഭാവിയെ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം നൽകുന്നതിനുള്ള വാക്ക് വിത്ത് എ സ്കോളർ പദ്ധതി, പുതിയ അദ്ധ്യാപകർക്കുള്ള പരിശീലന പദ്ധതിയായ ഫ്ലെയർ (FLAIR) എന്നിവ ആരംഭിച്ചിട്ടുണ്ട്. സർവ്വകലാശാലകളിൽ മോശം പ്രകടനം കാഴ്ചവച്ച വിഷയങ്ങളിൽ വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി സ്കോളർ സപ്പോർട്ട് പ്രോഗ്രാം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പാവപ്പെട്ട കുട്ടികളുടെ പഠന സൌകര്യം വർദ്ധിപ്പിക്കുന്നതിനായി നിലവിൽ സർക്കാർ/ എയ്ഡഡ് കോളേജുകൾ ഇല്ലാത്ത നിയമസഭാ നിയോജക മണ്ഡലങ്ങളിൽ പുതിയ കോളേജുകൾ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി 18 ആർട്സ് ആന്റ് സയൻസ് സർക്കാർ കോളേജുകളും 4 എയ്ഡഡ് കോളേജുകളും ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി തെരഞ്ഞെടുത്ത പത്ത് സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളെ മികവിന്റെ കേന്ദ്രമാക്കി മാറ്റാനുള്ള സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ അനുവദിച്ച അഞ്ച് ഐ.ഐ.ടി കളിൽ ഒരെണ്ണം കേരളത്തിന് അനുവദിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന പ്രസ്തുത സ്ഥാപനം അടുത്ത അദ്ധ്യയന വർഷം പ്രവർത്തനം ആരംഭിക്കും. വിദ്യാഭ്യാസ രംഗത്തെ സേവന നിലവാരം മെച്ചപ്പെടുത്തുന്നതിനായി സർവ്വകലാശാലകൾ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് എന്നിവിടങ്ങളിൽ ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കിവരുന്നു. |

| | |
|---|---|
| ബി) ഈ നടപടികൾ മൂലം ഏതൊക്കെ സ്ഥാപനങ്ങളെ ദേശീയ നിലവാരത്തിലേക്ക് ഉയർത്താനായി-ട്ടുണ്ടെന്ന് വിശദമാക്കുമോ; | ബി) എം.എസ്. ബോഷ് റെക്സ്സ്റോത്തുമായി കൂടി ചേർന്ന് ഓട്ടോമെഷൻ ടെക്നോളജിയിൽ CET യെയും ഗവ.പോളിടെക്നിക് കളമശ്ശേരിയേയും മികവിന്റെ കേന്ദ്രമാക്കാൻ നടപടി എടുത്തിട്ടുണ്ട്. തിരുവനന്തപുരം ബാർട്ടൺ ഹിൽ ഗവ.എഞ്ചിനീയറിംഗ് കോളേജിൽ മെഴ്സിഡെഡ്സ് ബെൻസിന്റെ സഹകരണത്തോടെ Automotive Mechatronics ൽ പോസ്റ്റ് ഗ്രാജ്യുവേറ്റ് ഡിപ്ലോമ കോഴ്സ് കൊളംബിയ യൂണിവേഴ്സിറ്റി, മോൺട്രിയൽ യൂണിവേഴ്സിറ്റി, മദ്രാസ് ഐ.ഐ.റ്റി എന്നിവയുടെ സഹകരണത്തോടെ പരിവർത്തന എഞ്ചിനീയറിംഗിൽ ബിരുദാന്തര ബിരുദ കോഴ്സ് എന്നിവ ഉടങ്ങാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം, ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ, രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം എന്നിവയെ QIP സെന്ററുകളായി AICTE അംഗീകരിച്ചിട്ടുണ്ട്. കാസർഗോഡ്, പട്ടാമ്പി, പാലക്കാട് വിക്ടോറിയ, തലശ്ശേരി ബ്രണ്ണൻ എന്നീ ഗവൺമെന്റ് കോളേജുകൾക്ക് 'NAAC' എ ഗ്രേയ്ഡ് ലഭിച്ചിട്ടുണ്ട്. |
| സി) അന്തർ ദേശീയ തലത്തിൽ തയ്യാറാക്കിയ മികച്ച ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പട്ടികയിൽ രാജ്യത്തെ ഒരു സ്ഥാപനത്തിനു പോലും ഇടം കണ്ടെത്തായിട്ടില്ലെന്ന വസ്തുത കണക്കിലെടുത്ത് ഇപ്പോൾ ദേശീയ നിലവാരം പുലർത്തുന്ന നമ്മുടെ സ്ഥാപനങ്ങളെ കൂടുതൽ ഔന്നത്യങ്ങൾ നേടാൻ പ്രാപ്തമാക്കും വിധമുള്ള പ്രോത്സാഹന പാക്കേജുകൾക്ക് രൂപം നൽകുമോ? | സി) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനായുള്ള നടപടികൾ ഇപ്പോൾ തന്നെ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ